പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ.4278

**24.06.2019** -ലെ മറുപടിയ്ക്ക്

## പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റിക്ക് സമാശ്വാസ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.ഇ.എസ്. ബിജിമോൾ : | ശ്രീ. ടി.പി.രാമകൃഷ്ണൻ (ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) 2017-18, 2018-19 സാമ്പത്തികവർഷങ്ങളിൽ പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ്ഫണ്ട് കമ്മിറ്റിക്ക് സമാശ്വാസ പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ അനുവദിച്ച ഫണ്ട് എത്രയെന്നും, റിലീഫ് ഫണ്ട് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്ക് പ്രസ്തുത ഫണ്ടിൽ നിന്നും എത്ര തുക അനുവദിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കുമോ;<br><br>ബി) ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷന്റെ ശിപാർശയനുസരിച്ച് പ്രസ്തുത വർഷങ്ങളിൽ സമാശ്വാസപ്രവർത്തനങ്ങൾക്ക് അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) പ്ലാന്റേഷൻസ് വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റിക്കായി 2230-01-103-62-10 ശീർഷകത്തിൽ 1,10, 00,000/- രൂപ ( ഒരു കോടി പത്ത് ലക്ഷം രൂപ മാത്രം) വീതം 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ആയതിൽ നിന്നും ഇടുക്കി ജില്ലയിലെ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് സൗജന്യ ഓണക്കിറ്റ് വിതരണം നടത്തുന്നതിനായി 2017-18 സാമ്പത്തിക വർഷം 12,32,000/- രൂപ ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസിന് അനുവദിച്ചു. പ്രസ്തുത തുകയിൽ നിന്നും ഓണക്കിറ്റ് വിതരണം ചെയ്ത ശേഷം അവശേഷിച്ചിരുന്ന 3,95,496/- രൂപ പ്ലാന്റേഷൻസ് വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റി ആനുകൂല്യ വിതരണം ചെയ്യുന്നതിനായി വിനിയോഗിച്ചു.<br><br>2018-19 സാമ്പത്തിക വർഷം ഇടുക്കി ജില്ലയിലെ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് സൗജന്യ ഓണക്കിറ്റ് വിതരണത്തിനായി അനുവദിച്ച 22,01,000/- രൂപയിൽ, സൗജന്യ ഓണക്കിറ്റ് വിതരണത്തിന് ശേഷം അവശേഷിച്ചിരുന്ന 7,23,000/-രൂപ തൊഴിലാളികൾക്കായുള്ള ചികിത്സാ സഹായം, മെഡിക്കൽ ക്യാമ്പ് എന്നിവയ്ക്കായി ചെലവഴിച്ചിട്ടുണ്ട്. |
| സി) സമാശ്വാസപ്രവർത്തനങ്ങൾക്ക് അനുവദിച്ച ഫണ്ടിന്റെ അപര്യാപ്തത മൂലം പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് കഴിയാതെ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | സി)സമാശ്വാസ പ്രവർത്തനങ്ങൾക്ക് പര്യാപ്തമാകുന്ന ഫണ്ട് അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

Sreedas

**സെക്ഷൻ ഓഫീസർ**